"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിൽ അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി അമൃതാരാജ് എ.ആർ. ന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.373/2026/AYUSH തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-

1. 02.12.1991 ലെ ജി.ഒ.(പി) നം.36/91/P&ARD നമ്പർ സർക്കാർ ഉത്തരവ്.
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 23.10.2025, 12.12.2025 തീയതികളിലെ DISM/2793/2025-E2 നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.02.2026 ലെ DCTVM/1792/2026-S6 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിൽ അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി.അമൃതാരാജ് എ.ആർ. -ന് "Classical Hodgkins Lymphoma" എന്ന ക്യാൻസർ രോഗം സ്ഥിരീകരിച്ചിട്ടുള്ളതിനാൽ ടിയാൾ പ്രത്യേക ആകസ്മിക അവധിയിൽ പ്രവേശിച്ച് നിലവിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കീമോതെറാപ്പിയും ഇമ്മ്യൂണോതെറാപ്പിയും മറ്റ് അനുബന്ധ ചികിത്സകളും നടത്തിവരുന്നതായും രോഗം നാലാം ഘട്ടത്തിലായതിനാൽ ദീർഘനാളത്തെ ചികിത്സ ആവശ്യമായിവരുമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുള്ളതായും പ്രാഥമിക ചികിത്സയ്ക്ക് ശേഷവും തുടർചികിത്സയും ഇൻവെസ്റ്റിഗേഷനുകളും ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാൾ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും, അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ടിയാൾ സമർപ്പിച്ച അപേക്ഷ, കാൻസർ രോഗത്തിന് തിരുവനന്തപുരം ആർ.സി.സി യിൽ ചികിത്സയിലാണ് എന്ന് വ്യക്തമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം, പരാമർശം (2) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു.

2. 11/04/2022 പൂർവ്വാഹ്നത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അമൃതാരാജ് എ.ആർ. അന്തർജില്ലാ സ്ഥലംമാറ്റത്തിനു നിഷ്കർഷിക്കുന്ന അഞ്ച് വർഷകാലയളവ് പൂർത്തിയാക്കിയിട്ടില്ലെന്നും ടിയാളുടെ ഫാർമസിസ്റ്റ് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവ് പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക (6) പ്രകാരം നിയമാനുസൃതം അന്തർജില്ലാ സ്ഥലംമാറ്റം പരിഗണിക്കുന്നതിന് നീക്കിവയ്ക്കാവുന്ന

ഒഴിവല്ലെന്നും ശ്രീമതി അമൃതാരാജ് കാൻസർ രോഗത്തിന് തിരുവനന്തപുരം ആർ.സി.സി. യിൽ ചികിത്സയിലാണ് എന്നതിനാലും രോഗം നാലാം ഘട്ടത്തിലാണെന്നത് കണക്കിലെടുത്തും തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവിൽ, ചട്ടങ്ങളിൽ ഇളവുവരുത്തി, അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

**3.** ക്യാൻസർ രോഗം നാലാം ഘട്ടത്തിലാണെന്ന ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് കണക്കിലെടുത്ത് ശ്രീമതി അമൃതാരാജിന് ചട്ടങ്ങളിൽ ഇളവ് വരുത്തി അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന വിഷയത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് ഖണ്ഡിക (5) പ്രകാരം ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടിയതിൽ അപേക്ഷക നിലവിൽ Classic Hodgkins Lymphoma എന്ന രോഗത്തിനായി ആർ.സി.സി. യിൽ ചികിത്സ തുടർന്ന് വരുന്നുവെന്നും, പ്രസ്തുത രോഗത്തിന്റെ ചികിത്സക്കായും. യാത്രാ സൗകര്യത്തിനുമായി നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ നിന്നും സ്ഥലംമാറ്റം ആവശ്യമാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിലെ അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.അമൃതാരാജ് എ.ആർ. -ന്, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി അമൃതാരാജ് എ.ആർ., ഫാർമസിസ്റ്റ് ഗ്രേഡ്-2, ജില്ലാ ആയുർവേദ ആശുപത്രി, അയിരൂർ, പത്തനംതിട്ട ജില്ല.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പ് (22.07.2026 ലെ മന്ത്രിസഭായോഗത്തിന്റെ ഇനം നം.81 ലെ തീരുമാനം).
5. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/307/2025-AYUSH).

ഉത്തരവിൻ പ്രകാരം

Digitally signed by
Swopna Raj
Date: 27-07-2026
14:49:15

സെക്ഷൻ ഓഫീസർ

പകർപ്പ് -

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-07-2026

ഫയൽ നം. ആയുഷ്-എ1/307/2025/ആയുഷ്. ഇനം നം : 81

വിഷയം : ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ല അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി. അമൃതാരാജ് എ.ആർ.-ന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

22/7/26

81

| കേരള സർക്കാർ<br>(ശ്രീ. വി.ഡി.സതീശൻ മന്ത്രിസഭ)<br>**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്** | |
|---|---|
| 1. ഫയൽ നമ്പർ | ആയുഷ്-എ 1/307/2025-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ല അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി അമൃതാരാജ് എ.ആർ. -ന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05.07.2026 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല. |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. വിജയ്‌രാജ് ജെ. |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 16.07.2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.07.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.മുരളീധരൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.07.2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.07.2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | .07.2026 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിലെ അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി.അമൃതാരാജ് എ.ആർ. -ന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. പത്തനംതിട്ട ജില്ലയിൽ അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി.അമൃതാരാജ് എ.ആർ. -ന് "Classical Hodgkins Lymphoma" എന്ന ക്യാൻസർ രോഗം സ്ഥിരീകരിച്ചിട്ടുള്ളതിനാൽ ടിയാൾ പ്രത്യേക ആകസ്മിക അവധിയിൽ പ്രവേശിച്ച് നിലവിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻററിൽ കീമോതെറാപ്പിയും ഇമ്മ്യൂണോതെറാപ്പിയും മറ്റ് അനുബന്ധ ചികിത്സകളും നടത്തിവരുന്നതായും രോഗം നാലാം ഘട്ടത്തിലായതിനാൽ ദീർഘനാളത്തെ ചികിത്സ ആവശ്യമായി വരുമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുള്ളതായും പ്രാഥമിക ചികിത്സയ്ക്ക് ശേഷവും തുടർചികിത്സയും ഇൻവെസ്റ്റിഗേഷനുകളും ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാൾ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീമതി.അമൃതാരാജ് കാൻസർ രോഗത്തിന് തിരുവനന്തപുരം ആർ.സി.സി യിൽ ചികിത്സയിലാണ് എന്ന് വ്യക്തമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3. 11/04/2022 പൂർവ്വാഹ്നം ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അമൃതാരാജ് എ.ആർ. അന്തർജില്ലാ സ്ഥലംമാറ്റത്തിനു നിഷ്കർഷിക്കുന്ന അഞ്ച് വർഷകാലയളവ് പൂർത്തിയാക്കിയിട്ടില്ലെന്നും ടിയാളുടെ ഫാർമസിസ്റ്റ് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവ് 02.12.1991 ലെ ജി.ഒ (പി)36/1991/പി & എ.ആർ.ഡി നമ്പർ ഉത്തരവ് പാര (6) പ്രകാരം നിയമാനുസൃതം അന്തർജില്ലാ സ്ഥലംമാറ്റം പരിഗണിക്കുന്നതിന് നീക്കി വയ്ക്കാവുന്ന ഒഴിവല്ലെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീമതി അമൃതാരാജ് കാൻസർ രോഗത്തിന് തിരുവനന്തപുരം ആർ.സി.സി. യിൽ ചികിത്സയിലാണ് എന്നതിനാലും രോഗം നാലാം ഘട്ടത്തിലാണെന്നത് കണക്കിലെടുത്തും തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ഒഴിവിൽ ചട്ടങ്ങളിൽ ഇളവുവരുത്തി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് പരിഗണിക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4. ക്യാൻസർ രോഗം നാലാം ഘട്ടത്തിലാണെന്ന ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് കണക്കിലെടുത്ത് ശ്രീമതി അമൃതാരാജിന് ചട്ടങ്ങളിൽ ഇളവ് വരുത്തി അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന വിഷയത്തിൽ 02.12.1991 ലെ ജി.ഒ (പി)36/1991/പി & എ.ആർ.ഡി നമ്പർ ഉത്തരവ് ഖണ്ഡിക (5) പ്രകാരം ജില്ലാകളക്ടറുടെ റിപ്പോർട്ട് തേടിയതിൽ അപേക്ഷക നിലവിൽ Classic Hodgkins Lymphoma എന്ന രോഗത്തിനായി ആർ.സി.സി. യിൽ ചികിത്സ തുടർന്ന് വരുന്നുവെന്നും, പ്രസ്തുത രോഗത്തിന്റെ ചികിത്സക്കായും, യാത്രാ സൗകര്യത്തിനുമായി നിലവിൽ ജോലിചെയ്യുന്ന ജില്ലയിൽ നിന്നും സ്ഥലംമാറ്റം ആവശ്യമാണന്നും തിരുവനന്തപുരം ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീമതി അമൃതാരാജ് എ.ആർ., ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനു നിയമാനുസൃതം നിഷ്കർഷിക്കുന്ന അഞ്ച് വർഷകാലയളവ് പൂർത്തിയാക്കിയിട്ടില്ലാത്തതും 02.12.1991 ലെ ജി.ഒ (പി) നം.36/1991/പി & എ.ആർ.ഡി നമ്പർ ഉത്തരവ് ഖണ്ഡിക (6) പ്രകാരം അന്തർജില്ലാ സ്ഥലമാറ്റത്തിനായി വിഹിതം ചെയ്തിട്ടുള്ള (ഒരു വർഷമുണ്ടാകുന്ന ഒഴിവുകളുടെ 10%) ഒഴിവ് ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലില്ലാത്തതുമാണ്. ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി അമൃതാരാജിന്, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിലെ അയിരൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.അമൃതാരാജ് എ.ആർ. -ന്, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അനുമതി നൽകാമോ?